## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3848 24.06.2014 ലെ മറുപടിയ്ക്ക്

## അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത് : | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃത പണമിടപാട് സ്ഥാപനങ്ങൾ ജനജീവിതം ദുരിത പൂർണ്ണമാക്കുന്ന സാഹചര്യത്തിൽ ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേരള മണിലെൻഡേഴ്സ് ആക്ടിന്റെ സെക്ഷൻ 3(1) പ്രകാരം എല്ലാ മണിലെൻഡർമാരും ടി നിയമത്തിൽകീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മണിലെൻഡർമാരെ കണ്ടെത്തി 30-06-2014-നു മുമ്പ് ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസില്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ മണിലെൻഡിഗ് പ്രവർത്തനങ്ങൾ നടത്തിയാൽ തടവു ശിക്ഷയും പിഴയും നൽകുന്നതിന് മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 17-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തദനുസരണമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കേരള മണി ലെൻഡേഴ്സ് ആക്ടിലെ സെക്ഷൻ 18 ഡി (1) പ്രകാരം ഒരു മണിലെൻഡർ 7(1)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ (ബാങ്ക് നിരക്കിനേക്കാൾ രണ്ട് ശതമാ |

നത്തിൽ കൂടുതൽ) പലിശ ഈടാക്കിയതായി ഇൻസ്പെക്ടർക്കോ, ലൈസൻസിംഗ് അതോറിറ്റിക്കോ ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും, ആ മണിലെൻഡർക്ക്മേൽ അയാൾ ഈടാക്കിയ പലിശയുടെ മൂന്ന് മടങ്ങിൽ അധികരിക്കാത്ത തുക പിഴയും ചുമത്താവുന്നതാണ്. അപ്രകാരം കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം 2012 നടപ്പാക്കിയിട്ടുണ്ട്. ടി നിയമത്തിൽ ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കുകയോ ഇതിലേയ്ക്കായി ഏതെങ്കിലും വ്യക്തിയെ ശാരീരികമായോ മാനസികമായോ പീഢിപ്പിക്കുകയോ ചെയ്താൽ കടുത്ത ശിക്ഷനൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനധികൃത പണമിടപാട് സ്ഥാപനങ്ങളിൽ ഓപ്പറേഷൻ കുബേര എന്ന പേരിൽ പോലീസ് വകുപ്പ് സംസ്ഥാനമൊട്ടാകെ റെയ്ഡുകൾ നടത്തുകയും നിരവധിപേരെ അറസ്റ്റ്ചെയ്യുകയും അനവധി രേഖകളും മറ്റും പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ കേരള മണിലെൻഡേഴ്സ് ആക്ട്, കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം,

പ്രൈസ്ഡ് ചിട്ട്സ് ആന്റ് മണി സർക്കുലേഷൻ (ബാനിംഗ്) ആക്ട് എന്നിവ പ്രകാരവും ഐ. പി. സി. സെക്ഷൻസ് പ്രകാരവുമുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്ത് ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിച്ചു വരുന്നു.

കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൽഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) എന്ന ഒരു സമഗ്ര നിയമം നിയമസഭ പാസ്സാക്കി, ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചിരിക്കുകയാണ്. വ്യാജ ചിട്ടിക്കമ്പനികൾക്കെതിരെയും കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്

**(ബി)** സംസ്ഥാനത്ത് അനധികൃതമായി ചിട്ടിക്കമ്പനികൾ വർദ്ധിച്ചുവരുന്ന കാര്യം ധന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

**(ബി)** സംസ്ഥാനത്ത് ചില അനധികൃത ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

**(സി)** അനധികൃത ചിട്ടിക്കമ്പനികൾക്കെതിരെ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**(സി)** വ്യാജ ചിട്ടിക്കമ്പനികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടി സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽനിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിടിച്ചെടുക്കുകയും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ദി ചിട്ട് ഫണ്ട്സ് ആക്ട്, 1982 നും 2012-ലെ ചിട്ട് ഫണ്ട്

റൂളിനും വിധേയമായി തുടർനടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു. രജിസ്ട്രേഷൻ ഇല്ലാതെ ചിട്ടി നടത്തുന്ന സ്ഥാപനങ്ങളെ ടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വ്യാജ ചിട്ടികൾ നിയന്ത്രിക്കുന്നതിനായി ശക്തമായ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന - ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പരിശോധന സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു. വ്യാജ ചിട്ടികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് മാധ്യമങ്ങൾ വഴി ബോധവൽകരണം നടത്തുന്നതിനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.